# പുതിയനിയമ
# പഠനസഹായി

റ്റി. കെ. ഏബ്രഹാം

ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
ന്യൂ ടെസ്റ്റമെന്റ് കമന്ററി
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,

**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രേ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

## 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

## 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

## 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

## 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

## 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

## 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

## 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു" (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1–14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13–15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് – മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# അപ്പൊസ്തലനായ പൗലൊസ്
# തെസ്സലൊനീക്യർക്ക് എഴുതിയ രണ്ടാം ലേഖനം

### മുഖവുര

തെസ്സലൊനീക്യയിലെ സഭ ഒരു മാതൃകാസഭയായിരുന്നു. ആ സഭ ഉണ്ടാകുവാൻ പൗലൊസിനെയും സഹ പ്രവർത്തകരെയും ദൈവം ഉപയോഗിച്ചു. അവർ വളരെ കഷ്ടതകളിൽക്കൂടി കടന്നുപോയെങ്കിലും വിശ്വാസ ത്തിൽ ഉറപ്പുള്ളവരായിരുന്നു. ഈ പശ്ചാത്തലത്തിൽ അവർ കഷ്ടതകളിൽ കുലുങ്ങിപ്പോകാതിരിപ്പാനും മരിച്ചുപോയ അവരുടെ പ്രിയപ്പെട്ടവരെക്കുറിച്ച് പ്രത്യാശ ഉള്ളവരാകുവാനുമാണ് ആദ്യലേഖനം എഴുതിയത്. കർത്താവ് വീണ്ടും വരുമെന്നും അത് കള്ളൻ വരുന്നതുപോലെ അപ്രതീക്ഷിതമായിരിക്കും എന്നും അവർക്ക് മുന്നറിവു നൽകിയിരുന്നു. തൽഫലമായി വിശ്വാസികൾ സ്നേഹത്തിൽ വർദ്ധിച്ചുവരുവാൻ ഇടയായി. എന്നാൽ ചിലർ കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്ന ചിന്തമൂലം അലസരായിത്തീർന്നു. പലരും ജോലി ഉപേക്ഷിച്ച് പരകാര്യങ്ങളിൽ ഏർപ്പെടുന്നവർ ആയി. ഇതു മനസ്സിലാക്കിയ അപ്പൊസ്തലൻ അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും അവർക്ക് കർത്താവിന്റെ വരവിനെ സംബന്ധിച്ചുള്ള സംശയങ്ങളും തെറ്റിദ്ധാരണകളും തിരുത്തുവാനും ഈ ലേഖനം എഴുതി.

പീഡനങ്ങളുടെ മദ്ധ്യത്തിൽ തെസ്സലൊനീക്യർ പ്രദർശിപ്പിച്ച വിശ്വസ്തതയെ പൗലൊസ് പ്രശംസിക്കുന്നു. അത് ഭാവിമഹത്വത്തിന് മുന്നോടിയാണെന്ന് അവരെ ഓർമ്മിപ്പിച്ചു. ഈ ലേഖനം 1 തെസ്സലൊനീക്യ ലേഖനത്തിന്റെ ഒരു അനുബന്ധമാണ്. അപ്പൊസ്തലനായ പൗലൊസാണ് ലേഖന കർത്താവ്. എ.ഡി. 51ൽ 1 തെസ്സലൊനീക്യ ലേഖനം എഴുതി. ഏതാനും മാസങ്ങൾക്കുശേഷം ഈ ലേഖനം കൊരിന്തിൽവെച്ച് എഴുതി എന്നു കരുതുന്നു.

### ലേഖന വിഭജനം

1. പീഡനങ്ങളുടെ നടുവിൽ ധൈര്യപ്പെടുക (അദ്ധ്യായം 1)
2. കർത്താവിന്റെ വരവിന് മുമ്പ് നടക്കേണ്ട സംഭവങ്ങളെക്കുറിച്ചുള്ള ഉപദേശം (അദ്ധ്യായം 2)
3. പ്രായോഗിക ഉപദേശങ്ങൾ (അദ്ധ്യായം 3)

## അദ്ധ്യായം 1

### ആശംസ (1:1,2)

തെസ്സലൊനീക്യയിലുള്ള സഭയ്ക്കു വന്ദനം ആശംസിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. രണ്ടാം മിഷ്യനറിയാത്രയിൽ പൗലൊസും ശീലാസും തിമൊഥെയൊസും ഒരു ടീമായി പ്രവർത്തിച്ചതിന്റെ ഫലമായി ഈ സഭ ഉണ്ടായി. പൗലൊസ് കൂട്ടുപ്രവർത്തകർക്ക് തുല്യ പ്രാധാന്യം നൽകിയിരുന്നു. തെസ്സലൊനീക്യയിലുള്ള വിശ്വാസികൾ പിതാവായ ദൈവത്തിലും ക്രിസ്തുയേശുവിലും ഉള്ളവരാണ്. അവർ കർത്താവിൽ സുരക്ഷിതരാകുന്നു. അവർക്ക് കൃപയും സമാധാനവും ആശംസിക്കുന്നു. ഒന്നാം ലേഖനത്തിൽ അതിന്റെ പ്രാധാന്യം നാം കാണുകയുണ്ടായി. ദൈവം നമ്മെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് കൃപയുടെ അടിസ്ഥാനത്തിലാണ്. ക്രിസ്തു മൂലം ആ കൃപ ധാരാളമായി നമുക്ക് ലഭിക്കുന്നു (യോഹ. 1:16). കൃപയുടെ ഫലമാണ് സമാധാനം. ഇവ രണ്ടും ക്രിസ്തീയ ജീവിതത്തിന്റെ ആരംഭവും പുരോഗതിയും പൂർണ്ണതയും പ്രതിഫലിപ്പിക്കുന്നു. ദൈവസമാധാനം സകല ബുദ്ധിയേയും കവിയുന്നതാണ്. “എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു” എന്ന് കർത്താവ് പറഞ്ഞു. ദൈവം ഹൃദയത്തിൽ വസി ക്കുമ്പോൾ മാത്രമേ ഈ സമാധാനം അനുഭവിക്കുവാൻ കഴികയുള്ളൂ.

### തെസ്സലൊനീക്യരെ ഓർത്ത് സ്തോത്രം ചെയ്യുന്നു (1:3,4)

തെസ്സലൊനീക്യ സഭ ഒരു മാതൃകാസഭയായിരുന്നു. അവർ വിശ്വാസത്തിലും സ്നേഹത്തിലും വർദ്ധിച്ചുവന്നതാണ് അതിന്റെ കാരണം. അവർ ബഹുകഷ്ടങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും വിശ്വാസത്തിൽ ഉറപ്പുള്ളവരായിരുന്നു. പരീക്ഷ സഹിക്കുന്നവർ കൊള്ളാവുന്നവരായി തെളിയപ്പെടും. വിശ്വാസത്തിന്റെ പരിശോധന വിലയുള്ളതാകുന്നു (1 പത്രൊ. 1:7). അത് ലഭിക്കുവാനുള്ള ഭാവിമഹത്വത്തിനു മുന്നോടിയായിരുന്നു. ദൈവവചനസത്യങ്ങൾക്കുവേണ്ടി കഷ്ടം സഹിക്കുന്നവർക്കുള്ളതാണ് അത്. കഷ്ടത സന്തോ ഷത്തോടെ സഹിക്കുന്നവർ സ്നേഹത്തിൽ വർദ്ധിച്ചുവരും. കർത്താവിലുള്ള വിശ്വാസം സ്നേഹമായി വ്യാപരിക്കും (ഗലാ. 5:6). അപ്പോൾ നാം കർത്താവിനോടും അന്യോന്യവും സ്നേഹമുള്ളവർ ആകും. നാം അന്യോന്യം സ്നേഹിക്കണം എന്ന് കർത്താവ് കല്പിച്ചു. അപ്പോൾ നാം അവന്റെ ശിഷ്യന്മാർ എന്ന് അറിയപ്പെടും (യോഹ. 13:34,35). സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു (1 പത്രൊ. 4:8). സ്നേഹം സഹോദരന്മാരുടെ കുറ്റങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുകയില്ല (1 കൊരി. 13:5). ഇന്ന് സഭയിലും ദൈവജനത്തിന്റെ ഇടയിലുമുള്ള പ്രശ്നങ്ങളുടെ മുഖ്യകാരണം സ്നേഹമില്ലായ്മ

യാണ്. അത് ആത്മിക തളർച്ച ഉളവാക്കും. തെസ്സലൊനീക്യയിലെ വിശ്വാസികൾ പീഡനങ്ങളുടെ മദ്ധ്യത്തിലും വിശ്വാസത്തിലും സ്നേഹത്തിലും വർദ്ധിച്ചുവരുന്നതോർത്ത് അപ്പൊസ്തലൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. തെസ്സലൊനീക്യർ അനുഭവിച്ച ഉപദ്രവങ്ങളും കഷ്ടങ്ങളും അവർ സഹിഷ്ണുത ഉള്ളവരാകുവാൻ സഹായിച്ചു. ഏത് ബുദ്ധിമുട്ടുകളും കഷ്ടതയുടെ പട്ടികയിൽ വരും. എന്നാൽ സുവിശേഷം നിമിത്തം സഹിക്കേണ്ടിവന്ന പ്രയാസങ്ങളാണ് ഉപദ്രവങ്ങൾ. തെസ്സലൊനീക്യർ സ്വന്ത ജാതിക്കാരിൽനിന്നും ഉപദ്രവങ്ങൾ സഹിച്ചു. അതൊന്നും അവരെ വിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിച്ചില്ല. സഹിഷ്ണുതകൊണ്ടുള്ള ആശയം സ്ഥിരത എന്നാണ്. പ്രതിബന്ധങ്ങളെ വകവെയ്ക്കാതെ വിശ്വാസത്തിൽ മുൻപോട്ടുപോകുമ്പോൾ നാം ആത്മികമായി അനുഗ്രഹിക്കപ്പെടും. അപ്പോൾ നാം ക്രിസ്തുവിന്റെ സാക്ഷികളായി അറിയപ്പെടും. ഇവിടെ വിശ്വാസം എന്നതുകൊണ്ടുള്ള ആശയം വിശ്വസ്തത എന്നാണ്. വിശ്വാസം ശോധന ചെയ്യപ്പെടുന്നത് നമ്മുടെ വിശ്വസ്തതയെ തെളിയിക്കാനാണ്. പീഡനങ്ങളുടെ മദ്ധ്യത്തിൽ കർത്താവിനെ തള്ളിപ്പറയാത്തവർ അവരുടെ വിശ്വസ്തതയെ തെളിയിക്കുന്നു. സാഹചര്യങ്ങൾ അനുകൂലമായിരിക്കുമ്പോൾ മാത്രം ക്രിസ്തുവിൽ വിശ്വസിക്കുന്നത് യഥാർത്ഥ ക്രിസ്തീയ വിശ്വാസമല്ല. തെസ്സലൊനീക്യർ കഷ്ടതകളിലും ക്രിസ്തുവിൽ വിശ്വസിച്ചു. അത് ഓർത്ത് പൗലൊസ് അവരെ പ്രശംസിച്ചു. നമ്മെ ഓർത്ത് പ്രശംസിക്കുവാനും ദൈവത്തിന് സ്തോത്രം ചെയ്യുവാനും കഴിയുമോ?

### കഷ്ടത സഹിക്കുന്നവർക്കുള്ള പ്രോത്സാഹനം (1:5-10)

കഷ്ടതകളിൽ തെസ്സലൊനീക്യർ സഹിഷ്ണുത ഉള്ളവരായത് അവർ ദൈവരാജ്യത്തിന് യോഗ്യരാണെന്നുള്ളതിന്റെ തെളിവായിരുന്നു. അത് ദൈവം വെളിപ്പെടുത്തുന്നത് നീതി മാത്രമാകുന്നു. കർത്താവിന്റെ വീണ്ടും വരവിൽ അത് വെളിപ്പെടുത്തും. ദൈവം നീതിയുള്ള ന്യായാധിപതിയാണ്. സുവി ശേഷം അനുസരിക്കുന്നവർക്ക് നിത്യാശ്വാസം നൽകുന്നത് ദൈവത്തിന്റെ നീതിയാണ്. അതുപോലെതന്നെ സുവിശേഷം വിശ്വസിക്കാത്തവർ നിത്യനാശത്തിന് ഇരയാകും. ഈ ചിന്ത കഷ്ടതകൾ അനുഭവിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതാണ്.

വീണ്ടും ജനനം മൂലമാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് (യോഹ. 3:3). ഇന്ന് അത് അക്ഷരികമല്ല, ആത്മികമാണ്. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ (റോമർ 14:17). ക്രിസ്തു രണ്ടാമത് വരികയും ലോകരാജത്വം ഏറ്റെടുക്കുകയും ചെയ്യുമ്പോൾ ദൈവരാജ്യം സമ്പൂർണ്ണമായി സ്ഥാപിക്കും (വെളി. 11:15). കർത്താവ് വരുന്നത് മഹത്വസമ്പൂർണ്ണനായിട്ടാണ്. ദൂതന്മാരും അവനെ അകമ്പടി സേവിക്കും. അവന്റെ വരവിൽ സംഭവിക്കുന്ന മൂന്നു കാര്യങ്ങൾ ഇവിടെ കാണാം. സുവിശേഷം അനുസരിക്കാത്തവർക്ക് പ്രതികാരം കൊടുക്കും. അത് വിശ്വസിക്കുന്നവർക്ക് ആശ്വാസം ലഭിക്കും. വിശുദ്ധന്മാരിൽ മഹത്വപ്പെടും.

സുവിശേഷം അനുസരിക്കാത്തവർക്കാണ് പ്രതികാരം കൊടുക്കുന്നത്. ദൈവത്തെ അറിഞ്ഞ് അനുസരിക്കുവാൻ ധാരാളം അവസരങ്ങൾ ലഭിച്ചിട്ടും മനഃപൂർവ്വം ദൈവത്തെ അവഗണിച്ചവരാണ് ഇവർ. സുവിശേഷം കേട്ടവരാണ്, എന്നാൽ അവർ അത് അവഗണിച്ചു. അവർക്ക് ന്യായവിധി അഥവാ പ്രതി കാരം ലഭിക്കുന്നത് കർത്താവിന്റെ വീണ്ടും വരവിലാണ്.

രണ്ടാമതായി ദൈവമക്കൾക്ക് ആശ്വാസം ലഭിക്കും. ഇന്ന് അവർ അവിശ്വാസികളാൽ പീഡ അനുഭവിക്കുന്നവരാണ്. കർത്താവ് വരുമ്പോൾ പീഡിപ്പിക്കുന്നവർക്ക് പീഡ പകരംകൊടുക്കും. അവർക്ക് ദൈവമക്കളെ പീഡിപ്പിച്ചതിനനുസരണമായി പകരംകൊടുക്കും. ദൈവമക്കളെ ഉപദ്രവിക്കുന്നവർ ദൈവത്തെ ഉപദ്രവിക്കുന്നു (പ്രവൃ. 9:4). ദൈവത്തിന്റെ നീതിയുടെ അടിസ്ഥാ നത്തിൽ ആയിരിക്കും പ്രതികാരം നടത്തുന്നത്.

ദൈവമക്കൾക്ക് അന്നു ലഭിക്കുന്ന ആശ്വാസം രക്ഷിക്കപ്പെടുമ്പോൾ ലഭി ക്കുന്ന ആശ്വാസമല്ല (മത്താ. 11:28). അവർ സഹിച്ച ഉപദ്രവങ്ങൾക്ക് പകരമായി ലഭിക്കുന്ന ആശ്വാസമാണ്. കർത്താവിനോട് കൂടെയുള്ള വാസംതന്നെ ആശ്വാസപ്രദമാണ്. പാപത്തിന്റെ യാതൊരു ശാപവും ഇല്ലാത്ത പരിശുദ്ധമായ സാന്നിദ്ധ്യം അനുഭവിക്കുവാൻ പദവി ലഭിച്ചവരാണ് നാം. അത് ഓർക്കുമ്പോൾ ഭൂമിയിലെ കഷ്ടങ്ങൾ സാരമില്ല എന്ന് എണ്ണുവാൻ നമുക്ക് കഴിയണം. താൽക്കാലിക അനുഗ്രഹങ്ങൾ കണ്ട് നാം നിരാശപ്പെടുന്നവർ ആകരുത് (സങ്കീ. 73:3). നിത്യതയെ ലക്ഷ്യമാക്കി നാം ജീവിക്കുന്നവർ ആകണം.

ഒന്നാം അദ്ധ്യായത്തിലെ ഒമ്പതും പത്തും വാക്യങ്ങളിൽ രണ്ട് കാര്യങ്ങൾ കാണുന്നു. ക്രിസ്തു തന്റെ വിശുദ്ധരിൽ മഹത്വപ്പെടും. അവരിൽ അവൻ അതിശയവിഷയം ആകും. രണ്ടാമതായി സുവിശേഷം അനുസരിക്കാത്തവർക്ക് നിത്യനാശം എന്ന ശിക്ഷാവിധി ഉണ്ടാകും. നാം രക്ഷിക്കപ്പെട്ടത് മഹത്വം പ്രാപിക്കുവാനാകുന്നു. അത് നാം പുനരുത്ഥാനം ചെയ്യുമ്പോൾ സംഭവിക്കും. ജീവിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ച് മഹത്വധാരികൾ ആകും. അന്ന് നാം കർത്താവിനോട് സദൃശന്മാർ ആകും (1 യോഹ. 3:2). അവൻ നമ്മിൽ മഹത്വപ്പെടും. അതു കണ്ട് നാം ആശ്ചര്യപ്പെടും. ക്രിസ്തു നമ്മിൽ അതിശയവിഷയമായിത്തീരും. അതു കണ്ട് ദൂതന്മാർ ആശ്ചര്യപ്പെടാതിരിക്കയില്ല. അവർ മഹത്വധാരികൾ ആണ്. പാപംചെയ്ത മനുഷ്യന് തേജസ്സ് നഷ്ടപ്പെട്ടു. അത് പുനഃസ്ഥാപിക്കുന്ന ഘട്ടമായിരിക്കും അന്ന്. സുവിശേഷം അനുസരിക്കാത്തവർക്ക് നിത്യനാശം സംഭവിക്കും. കർത്താവിന്റെ സാന്നി ദ്ധ്യവും മഹത്വവും വിട്ട് അകന്നിരിക്കുന്ന അനുഭവമാണ് നിത്യനാശം. അവർ നരകത്തിൽ നിത്യയാതന അനുഭവിക്കുന്നവർ ആകും. അത് ദൈവസന്നിധിയിൽ നീതി മാത്രമാണ്. നാം ഏത് കൂട്ടത്തിലുള്ളവരാകുന്നു എന്ന് സ്വയപരിശോധന ചെയ്യാം.

## പൗലൊസിന്റെ പ്രാർത്ഥന (1:11,12)

കർത്താവിന്റെ വരവിങ്കൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് അപ്പൊസ്തലൻ തെസ്സലൊനീക്യരെ പ്രബോധിപ്പിച്ചു. തുടർന്ന് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവർ കൃപയാൽ വിളിക്കപ്പെട്ടവരാണ്. അതിന്റെ ഉദ്ദേശം ക്രിസ്തു അവരിൽ മഹിമപ്പെടണം എന്നുള്ളതായിരുന്നു. അവന്റെ സൽഗുണങ്ങളെ പ്രദർശിപ്പിക്കുന്ന ജീവിതം കർത്താവിനെ മഹിമപ്പെടുത്തുന്നതായി രിക്കും. അതാണ് വിശ്വാസത്തിന്റെ പ്രവൃത്തിയുള്ളവരാകുന്നതുകൊണ്ട് സാധിക്കുന്നത്. അതിന് നമുക്ക് ദൈവത്തിന്റെ ശക്തി ആവശ്യമാകുന്നു. പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് അതിന് താല്പര്യവും ശക്തിയും നൽകുവാൻ അപ്പൊസ്തലൻ പ്രാർത്ഥിക്കുന്നു. അപ്പോൾ നമ്മിൽ ക്രിസ്തു മഹിമപ്പെടും. അതും കൃപയാൽ സംഭവിക്കുന്നതാണ്.

## അദ്ധ്യായം 2

## കർത്താവിന്റെ വരവിനു മുമ്പ് നടക്കേണ്ട കാര്യങ്ങൾ (2:1-12)

'സഹോദരന്മാരേ' എന്ന സ്നേഹമസൃണമായ സംബോധനയോടെയാണ് രണ്ടാം അദ്ധ്യായം ആരംഭിക്കുന്നത്. അപ്പൊസ്തലന്റെ സ്നേഹത്തിൽ അപേക്ഷിക്കുന്ന സ്വഭാവം ഇവിടെ കാണാം. കർത്താവിന്റെ പ്രത്യക്ഷതയോട് ബന്ധപ്പെട്ട കാര്യങ്ങളാണ് നാം ഒന്നും രണ്ടും ലേഖനങ്ങളിൽ കാണുന്നത്. കർത്താവിന്റെ വരവിന് സമയം നിശ്ചയിക്കുവാൻ തിരുവചനം അനുവദിക്കുന്നില്ല (മത്താ. 24:36). തെസ്സലൊനീക്യർ കർത്താവിന്റെ നാൾ വന്നു എന്നോ അടുത്തിരിക്കുന്നു എന്നോ തെറ്റിദ്ധരിക്കപ്പെട്ടു. കള്ളപ്രവാചകന്മാരുടെ ഉപദേശം കേട്ടതായിരുന്നു അതിന്റെ കാരണം. കൂടാതെ പൗലൊസ് എഴുതിയ ലേഖനം എന്ന ഭാവത്തിലുള്ള ഒരു ലേഖനം അവർക്ക് ലഭിച്ചു. അതിൽ കർത്താവിന്റെ നാൾ വന്നു എന്ന് സൂചിപ്പിച്ചിരിക്കണം. അങ്ങനെ തെസ്സലൊ നീക്യ വിശ്വാസികൾക്ക് ഇളക്കവും ഞെട്ടലും ഉണ്ടായി. ഇതറിഞ്ഞ അപ്പൊസ്തലൻ അവർ സുബോധം വിട്ടുകളയരുതെന്നു പ്രബോധിപ്പിക്കുന്നു. അവർ വല്ല ആത്മാവിനാലും വഞ്ചിക്കപ്പെടരുതെന്നു സാരം. നാം ആത്മാക്കളെ ശോധനചെയ്യുന്നവർ ആകണം (1 യോഹ. 4:1). പൗലൊസിന്റെ കാലത്തു കള്ളപ്രവാചകന്മാർ ഉണ്ടായിരുന്നു. അവരിൽ വ്യാപരിച്ചിരുന്നതു ദൈവത്തിന്റെ ആത്മാവായിരുന്നില്ല. അവരാൽ തെറ്റിപ്പോകാൻ സാധ്യതകളുണ്ട് എന്ന് അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു. തെസ്സലൊനീക്യർ ഞെട്ടിപ്പോകാൻ കാരണം അവരുടെ ഉപദേശം സ്വീകരിച്ചതുമൂലമാണ്. കർത്താവ് വന്നുകഴിഞ്ഞെങ്കിൽ എന്തുകൊണ്ട് അവർ രൂപാന്തരപ്പെടുന്നില്ല, മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നില്ല, ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ എടുക്കപ്പെടുന്നില്ല എന്നീ ചോദ്യങ്ങൾ അവരിൽ ഞെട്ടൽ ഉളവാക്കി. കൂടാതെ ഈ ചിന്ത ചിലരെ മടിയന്മാരാക്കയും പരകാര്യം നോക്കുവാൻ പ്രേരിപ്പിക്കയും ചെയ്തു. ചിലർ ജോലിചെയ്യാത്തവരും മറ്റുള്ളവർക്കു ഭാരവുമായിത്തീർന്നു. മനുഷ്യന്റെ സങ്കൽപ്പങ്ങളിൽ രൂപപ്പെട്ട സിദ്ധാന്തങ്ങൾ ഇന്നും വിശ്വാസികളിൽ തെറ്റിദ്ധാരണകൾ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്.

കർത്താവിന്റെ പ്രത്യക്ഷത ഏതു സമയത്തും ആകാം. അത് ആസന്നമായിരിക്കുന്നു എന്നുള്ള ചിന്ത നമ്മിൽ ആത്മീയ ഉണർവ്വ് ഉളവാക്കണം. ഇവിടെ പൗലൊസു തെസ്സലൊനീക്യ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നതു കർത്താവിന്റെ വരവിനു മുൻപു വിശ്വാസത്യാഗം സംഭവിക്കയും അധർമ്മ മൂർത്തി വെളിപ്പെടുകയും വേണം എന്നത്രെ (2:3). കർത്താവ് ഈ ബന്ധത്തിൽ പറഞ്ഞിരിക്കുന്നതും ശ്രദ്ധേയമാണ്. അനേകരും കള്ളപ്രവാചകന്മാരാൽ വഞ്ചിക്കപ്പെടും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും (മത്താ. 24:12). മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്നു കർത്താവു തന്നെ ചോദിക്കുന്നു (ലൂക്കൊ. 18:8). അതുകൊണ്ടുള്ള ആശയം ദൈവവചനത്തിനു പ്രാധാന്യം കുറയും എന്നത്രെ. അങ്ങനെയുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ടു മനുഷ്യന്റെ സിദ്ധാന്തങ്ങളും പാരമ്പര്യങ്ങളും ഉപേക്ഷിച്ച് ദൈവവചനത്തിൽ അധിഷ്ഠിതമായ ഒരു ആത്മിക ജീവിതം നയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## വിശ്വാസത്യാഗം

കർത്താവിന്റെ വരവിനു മുൻപായി ആദ്യം വിശ്വാസത്യാഗം സംഭവിക്കും. പല തെറ്റിദ്ധാരണകൾക്കും ഇതു വിഷയീഭവിച്ചിട്ടുണ്ട്. കർത്താവിന്റെ വരവിനുശേഷം എന്തൊക്കെ സംഭവിക്കും എന്നു ചിന്തിച്ചു വിചാരപ്പെടേണ്ട ആവശ്യം വിശ്വാസികൾക്ക് ഇല്ല. വിശ്വാസത്യാഗംകൊണ്ടുള്ള അർത്ഥം മൽസരം, വീണുപോവുക, ഉപേക്ഷിക്കുക എന്നിവയാണ്. യിസ്രായേൽ യഹോവയിലുള്ള വിശ്വാസം ത്യജിച്ച് അന്യദൈവങ്ങളെ സേവിക്കുന്നവരായി (യിരെ. 2:19). യെഹൂദന്മാർ കൈസരല്ലാതെ ഞങ്ങൾക്ക് രാജാവില്ലെന്ന് പറഞ്ഞ് ക്രിസ്തുവിനെ ഉപേക്ഷിച്ചു. അന്ത്യകാലത്ത് വിശ്വാസത്യാഗം സംഭവിക്കുമെന്ന് പൗലൊസ് മുന്നറിയിപ്പ് നൽകുന്നുണ്ട് (1 തിമൊ. 4:1). അവർ സത്യത്തേക്കാൾ ഭോഷ്ക് വിശ്വസിക്കുന്നവർ ആയിരിക്കും. കള്ളപ്രവാചകന്മാർ പലരേയും തെറ്റിക്കും. അത്ഭുതങ്ങളും അടയാളങ്ങളും അവർ ചെയ്യുന്നതുമൂലം അനേകരും വഞ്ചിക്കപ്പെടും. ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിച്ച് കള്ളക്രിസ്തുക്കളിലേക്ക് തിരിയുന്നതാണ് വിശ്വാസത്യാഗം. ദൈവത്തോട് നാം കാണിക്കുന്ന മത്സരവും വിശ്വാസത്യാഗമാണ്. മനുഷ്യൻ ദൈവത്തോട് മത്സരിക്കുന്നവനാണ്. ദൈവത്തിൽ വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ ഉള്ളപ്പോൾ അവൻ ദൈവത്തെ ഉപേക്ഷിച്ച് സൃഷ്ടിയെ ഭജിക്കുന്നവനായി (റോമർ 1:18-23). അങ്ങനെ സത്യദൈവത്തേക്കാൾ വ്യാജദൈവങ്ങളെ ആരാധിക്കുന്ന പ്രവണതയും ഒരു വിധത്തിൽ വിശ്വാസത്യാഗമാകുന്നു. ലോക

ത്തിൽ രൂപപ്പെട്ട മതങ്ങളിൽ ഈ പ്രവണത കാണാം. ദൈവത്തെ മനസ്സോടെ മറന്നു കളയുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ദൈവത്തെയും ദൈവവചനത്തെയും പരിഹസിക്കുന്ന ഒരു ലോകം. ഇതൊക്കെയും കാണുമ്പോൾ നമ്മുടെ കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്നറിഞ്ഞ് അവന്റെ വരവിനായി ഉണർന്ന് ഒരുങ്ങിയിരിക്കുവാൻ നമുക്ക് ഇടയാകണം.

## അധർമ്മ മൂർത്തി

കർത്താവിന്റെ വരവിനു മുമ്പായി നടക്കേണ്ട രണ്ടാമത്തെ കാര്യം അധർമ്മ മൂർത്തിയുടെ പ്രത്യക്ഷതയാകുന്നു (2:3). രണ്ടാം അദ്ധ്യായം 3-12 വരെ വിവരിക്കുന്നത് ഈ അധർമ്മ മൂർത്തിയെക്കുറിച്ചാണ്. പൗലൊസ് ഈ കാര്യങ്ങൾ എഴുതുമ്പോൾ തെസ്സലൊനീക്യയിലുള്ള വിശ്വാസികൾക്ക് ഇത് മനസ്സിലാക്കുവാൻ പ്രയാസമില്ലായിരുന്നു. അല്ലായിരുന്നുവെങ്കിൽ വിസ്തരിച്ചു കൊടുക്കുമായിരുന്നു. അധർമ്മ മൂർത്തിക്ക് നാശയോഗ്യൻ, എതിരാളി എന്നീ പേരുകളും ഉണ്ട്. അധർമ്മ മൂർത്തി നിയമരാഹിത്യത്തിന്റെ മൂർത്തിയാണ്. ദൈവകല്പനകൾക്കും ധാർമ്മിക നിയമങ്ങൾക്കും എതിരാണ്. അവൻ നശിപ്പിക്കപ്പെടുവാൻ യോഗ്യനാണ്. അധർമ്മ മൂർത്തിയെക്കുറിച്ച് വേദപണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ട്. എന്നാൽ ദൈവവചനം എന്ത് പറയുന്നു എന്ന് നമുക്ക് പരിശോധിക്കാം. ഇന്ന് വിശ്വാസത്യാഗത്തിനായി മനുഷ്യനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അധർമ്മ മൂർത്തിയാണ്. അവന്റെ സ്വഭാവം എന്തായിരിക്കും എന്ന് ഇവിടെ കാണാം. അവൻ സകലത്തിനും മീതെ സ്വയം ഉയർത്തുന്നവനാണ്. ദൈവം എന്ന് നടിക്കുന്നവനാണ്. അവൻ ആരാധിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവനാണ്. അധർമ്മ മൂർത്തിയുടെ മർമ്മം അന്നേ വ്യാപരിക്കുന്നുണ്ടായിരുന്നു. അത് റോമാചക്രവർത്തിമാരിൽ ദൃശ്യമായിരുന്നു. അവർ ദൈവമാണെന്നും അവരെ ആരാധിക്കണമെന്നും നിർബന്ധിച്ചിരുന്നു. ക്രിസ്തുവിശ്വാസികൾ ഇന്ന് പീഡിപ്പിക്കപ്പെടുന്നത് അധർമ്മത്തിന്റെ മർമ്മം വ്യാപരിക്കുന്നതുകൊണ്ടാണ്. അവൻ പൂർണമായും വെളിപ്പെടാതിരിക്കുന്നത് അവനെ തടുക്കുന്ന ഒരു ശക്തി ഉള്ളതുകൊണ്ടാണ്. അവൻ വഴിയിൽനിന്നും നീങ്ങിപ്പോകണം. അപ്പോൾ അധർമ്മ മൂർത്തി വെളിപ്പെടും. അവനെ നമ്മുടെ കർത്താവ് തന്റെ വായിലെ ശ്വാസത്താൽ ഒടുക്കും. കർത്താവ് വെളിപ്പെട്ട് തന്റെ ജനത്തെ കൂട്ടിച്ചേർക്കുന്നതുപോലെ അധർമ്മ മൂർത്തിയും തന്റെ അനുയായികളെ കൂട്ടിച്ചേർക്കും. ക്രിസ്തുവിനെ സ്വീകരിക്കാത്തവർ അവനായി കാത്തിരിക്കുന്നു. അധർമ്മ മൂർത്തിയെ ദൈവജനം ഭയപ്പെടേണ്ടതില്ല. ദൈവം അനുവദിക്കുമ്പോൾ മാത്രമേ അധർമ്മ മൂർത്തി വെളിപ്പെടുകയുള്ളൂ. അവനെ നശിപ്പിക്കുവാൻ കർത്താവ് ശക്തിയുള്ളവൻ ആകുന്നു.

## തടുക്കുന്നവൻ

അധർമ്മത്തേയും അനീതിയേയും തടുക്കുന്ന ഒരുവൻ ഉണ്ട്. അവൻ വഴിയിൽനിന്ന് നീങ്ങുമ്പോൾ അധർമ്മ മൂർത്തി വരും. ഈ തടുക്കുന്നവനെക്കുറിച്ചും വേദപണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ട്. ഇന്ന് അധർമ്മവും അനീതിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സാത്താൻ ദൈവവചനത്തെ എല്ലാ മണ്ഡലങ്ങളിലും ആക്രമിച്ചുകൊണ്ടിരിക്കുന്നു. അത് നമ്മുടെ കർത്താവിന്റെ വരവിന്റെ ലക്ഷണമാണ്. കർത്താവ് വരികയും സഭയെ ചേർക്കയും ചെയ്യും. ഇപ്പോൾ അധർമ്മം തടുക്കുന്നത് റോമൻ നിയമങ്ങളും നീതിപാലകന്മാരും ആയിരിക്കാം. എന്നാൽ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോകണം എന്നുള്ളതുകൊണ്ടുള്ള ആശയം സഭയും പരിശുദ്ധാത്മാവും നീങ്ങപ്പെടണമെന്നുള്ളതാണെന്ന് പല വേദപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. സഭ മാറ്റപ്പെട്ടശേഷം അന്തിക്രിസ്തു പൂർണ്ണമായി വെളിപ്പെടും. അപ്പോൾ കർത്താവ് തേജസ്സോടെ പ്രത്യക്ഷപ്പെടുകയും അധർമ്മ മൂർത്തിയെ തന്റെ വായിലെ ശ്വാസത്താൽ നശിപ്പിക്കുകയും ചെയ്യും.

2:9ൽ അധർമ്മ മൂർത്തിയുടെ പ്രത്യക്ഷതയും അതിനാൽ വഞ്ചിക്കപ്പെടുന്നവരുടെ നാശവുമാണ് വിവരിക്കുന്നത്. കാണപ്പെടാതിരുന്ന അവസ്ഥയിൽ നിന്നും കാണപ്പെടുന്ന അവസ്ഥയാണ് പ്രത്യക്ഷത. അധർമ്മ മൂർത്തി പ്രത്യക്ഷ പ്പെടുമ്പോൾ അടയാളങ്ങളും അത്ഭുതങ്ങളും നടക്കും. അത് സാത്താന്റെ വ്യാപാരശക്തിയാൽ നടക്കുന്നതായിരിക്കും. അത് വിശ്വസിക്കുവാൻ അനേകർ ഉണ്ടായിരിക്കും. അവർ സാത്താന്യശക്തിയാൽ വീര്യപ്രവൃത്തികൾ ചെയ്യും. അങ്ങനെയുള്ള കള്ളപ്രവാചകന്മാരെക്കുറിച്ച് കർത്താവ് പറയുവാൻ പോകുന്നത് "ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ല" എന്നായിരിക്കും (മത്താ. 7:22,23). കർത്താവ് പ്രവൃത്തികളുടെ പിൻപിൽ വ്യാപരിക്കുന്ന അധർമ്മത്തിന്റെ വ്യാപാരം നന്നായി അറിയുന്നവനാണ്. അത് വൃതന്മാരേയും തെറ്റിപ്പാൻ കാരണമായി ഭവിക്കാം. അതുകൊണ്ട് അധർമ്മ മൂർത്തിയുടെ അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് നാം വഞ്ചിക്കപ്പെടരുത്.

സകല അനീതിയുടെ വഞ്ചനയോടും കൂടെ ആയിരിക്കും അന്തിക്രിസ്തു പ്രത്യക്ഷപ്പെടുന്നത്. ദൈവം തന്റെ നീതി സുവിശേഷത്തിൽക്കൂടി വെളിപ്പെടുത്തി. അതിനു ചേരാത്തതെല്ലാം അനീതിയാണ്. നീതിയാണെന്നും ദൈവികമാണെന്നും ബോധ്യപ്പെടുത്തി അനീതി ചെയ്യുവാൻ പ്രേരിപ്പിക്കുന്നതാണ് അനീതിയുടെ വഞ്ചന. അധർമ്മ മൂർത്തി പ്രവർത്തിക്കുന്നത് അങ്ങനെയാണ്. അനീതികൊണ്ട് സത്യത്തെ തടുക്കുന്നവനാണ് അവൻ. തൽഫലമായി അനേകർ സുവിശേഷത്തിൽ വിശ്വസിക്കുന്നില്ല. അവരുടെമേൽ വരുന്ന ന്യായവിധി ഭയങ്കരമാണ്. അവർ അനീതിയിൽ രസിക്കുന്നവരാണ്. സത്യത്തെ മനസ്സോടെ മറന്നുകളയുന്നവർ ദൈവത്തിന്റെ ന്യായവിധിക്ക് വിധേയരാകുന്നു. ഭോഷ്ക് വിശ്വസിക്കത്തക്കവണ്ണം ദൈവം അവർക്ക് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു. ഹൃദയം കഠിനപ്പെടുത്തുന്നവരിൽ ഇങ്ങനെ സംഭവിക്കും എന്ന് ബൈബിൾ പ്രസ്താവിക്കുന്നുണ്ട്. ഫറവോൻ ഹൃദയം കഠിനപ്പെടുത്തി. ഒടുവിൽ ദൈവം അവന്റെ ഹൃദയം കഠിനപ്പെടുത്തി എന്ന് കാണുന്നു (പുറ. 9:12; 10:20). റോമാ ലേഖനത്തിൽ ദൈവത്തെ അവഗണിക്കുന്നവരെ നികൃഷ്ടബുദ്ധിക്ക് ഏൽപ്പിച്ചു എന്ന് കാണുന്നതും ഇതിന് തുല്യമാണ്

(റോമർ 1:28). ദൈവത്തിന്റെ ദീർഘക്ഷമയ്ക്ക് പരിധിയുണ്ട്. അതുകൊണ്ട് ദൈവവചനസത്യങ്ങൾ വിശ്വസിച്ച് കർത്താവിനെ പ്രസാദിപ്പിക്കുന്നവരാകുവാൻ നമുക്ക് ഇടയാകട്ടെ. അധർമ്മ മൂർത്തിയുടെ നാശം കർത്താവിന്റെ പ്രത്യക്ഷതയുടെ പ്രഭാവ ത്തിൽ ആയിരിക്കും. അത് നടത്തുവാൻ കർത്താവ് തന്റെ വിശുദ്ധന്മാരോടു കൂടെ വരുന്നു.

## പൗലൊസിന്റെ സ്തോത്രവും പ്രബോധനവും (2:13-17)

പൗലൊസ് തെസ്സലൊനീക്യയിലെ വിശ്വാസികളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അവരെ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. അവർ കർത്താവിന് പ്രിയരായ സഹോദരന്മാരാണ്. ദൈവം നമ്മെ രക്ഷിച്ചതുമൂലമാണ് നാം കർത്താവിന് പ്രിയരായത്. നമ്മുടെ രക്ഷയോടുള്ള ബന്ധത്തിൽ ദൈവത്തിലെ മൂന്ന് ആളത്വങ്ങളും പ്രവർത്തിക്കുന്നതായി കാണുന്നു. ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുത്തു. പരിശുദ്ധാത്മാവിനാൽ നമ്മെ ദൈവത്തിനായി വേർതിരിച്ചു. ക്രിസ്തുവിന്റെ ക്രൂശുമരണംമൂലം രക്ഷിച്ചു. ഈ സത്യം സുവിശേഷഘോഷണത്താൽ നമ്മെ അറിയിച്ചു. അത് വിശ്വസിച്ചപ്പോൾ നാം കർത്താവിന് പ്രിയരായി. നാം സത്യത്തെ സ്നേഹിക്കുന്നവരും പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണം പ്രാപിക്കുന്നവരും ആയി. സുവിശേഷ ഘോഷണംമൂലം ദൈവം നമ്മെ വിളിച്ചു. ആ വിളി കേൾക്കുവാൻ നാം ഉത്തര വാദിത്വം ഉള്ളവരാണ്. അതിന്റെ ലക്ഷ്യം ക്രിസ്തുവിന്റെ മഹത്വം നാം പ്രാപിക്കണം എന്നുള്ളതാണ്. രക്ഷകൊണ്ടുള്ള ആശയം പാപത്തിന്റെ ശിക്ഷയിൽ നിന്നുമുള്ള വിടുതൽ മാത്രമല്ല. നാം ക്രിസ്തുവിനോട് അനുരൂപരാകുവാനാണ് രക്ഷിക്കപ്പെട്ടിരിക്കുന്നത് (റോമർ 8:29,30). ക്രിസ്തുവിന്റെ മഹത്വം പ്രാപിക്കും എന്നുള്ളതിന്റെ ആശയം അതാണ്. അത് കർത്താവിന്റെ വീണ്ടും വരവിലാണ് സംഭവിക്കുന്നത്. അപ്പോൾ നാം കർത്താവിനോട് സദൃശന്മാർ ആകും (1 യോഹ. 3:2). പാപികളും ദോഷികളുമായ നമ്മെക്കുറിച്ചുള്ള ദൈവിക ഉദ്ദേശം മനസ്സിലാക്കുമ്പോൾ എങ്ങനെ അവനെ സ്നേഹിക്കാതിരിക്കുവാൻ കഴിയും?

രക്ഷിക്കപ്പെട്ടവർ കരുതിക്കൊള്ളുവാൻ ആവശ്യമുള്ള അനേക സത്യങ്ങൾ ഉണ്ട്. ദൈവവചനത്തിൽ ആ പ്രമാണങ്ങളും ഉപദേശങ്ങളും നൽകിയിരിക്കുന്നു. എങ്ങനെയെങ്കിലും ജീവിക്കുന്നതല്ല ക്രിസ്തീയത്വം. നാം വിശ്വാസത്തിൽ അലഞ്ഞുഴലുന്നവർ ആകരുത്. വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവർക്ക് മാത്രമേ സാത്താന്റെ പരീക്ഷകളെ അതിജീവിക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ നാം ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന് ലോകം അറിയും (യോഹ. 8:31,32). നാം അപ്പൊസ്തലന്മാരുടെ ഉപദേശം മുറുകെ പിടിക്കുന്നവർ ആകണം. അത് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവവചനത്തിന് വിരുദ്ധമായ മാനുഷിക കല്പനകളും പാരമ്പര്യങ്ങളും നാം ഉപേക്ഷിക്കണം. തിരുവചനമാണ് നമ്മുടെ വിശ്വാസത്തിനും ജീവിതത്തിനും ആധാരം. കർത്താവ് കല്പി ച്ചതും, അപ്പൊസ്തലന്മാർ ഉപദേശിച്ചതും രേഖയാക്കിത്തന്നതുമായ പ്രമാണ ങ്ങൾ നാം അനുസരിക്കുന്നവർ ആകണം. കർത്താവ് വാക്കിനാൽ ഉപദേശിച്ചു കൊടുത്ത കാര്യങ്ങളാണ് അപ്പൊസ്തലന്മാർ രേഖയാക്കിത്തന്നിട്ടുള്ളത് (യോഹ. 14:26). തെസ്സലൊനീക്യർ അത് പ്രമാണിച്ച് വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു.

2:16,17 വാക്യങ്ങളിൽ അപ്പൊസ്തലന്റെ പ്രാർത്ഥനയും ആശീർവാദവും കാണുന്നു. തന്റെ ആഗ്രഹം ഇവിടെ വ്യക്തമാക്കുന്നു. തെസ്സലൊനീക്യയിലെ വിശ്വാസികൾ സ്ഥിരപ്പെടണം, ആശ്വസിക്കണം, പ്രത്യാശയുള്ളവരാകണം. അവർ കഷ്ടത അനുഭവിക്കുന്നവരാണ്. കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചുള്ള തെറ്റായ ഉപദേശം കേട്ടവരാണ്. അവർ വിശ്വാസത്തിൽ ഇളകിപ്പോകുവാൻ സാധ്യതകൾ ഉണ്ട്. ഇത് മനസ്സിലാക്കുന്ന അപ്പൊസ്തലൻ അവരെ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.

തെസ്സലൊനീക്യർ കർത്താവുമായി സജീവബന്ധമുള്ളവരാകുന്നു. അവരെ ദൈവം സ്നേഹിക്കുന്നു. ആ സ്നേഹം പുത്രനിലൂടെ നമുക്ക് പ്രദർശിപ്പിച്ചു. നമ്മെ സ്നേഹിക്കുന്ന ദൈവം, കൃപയാലെ നൽകിയിട്ടുള്ളതാണ് നിത്യാശ്വാസവും നല്ല പ്രത്യാശയും. അതുകൊണ്ട് അത് ഒരിക്കലും കുറഞ്ഞു പോകയില്ല. പരിശുദ്ധാത്മാവിനുള്ള മറ്റൊരു പേരാകുന്നു ആശ്വാസപ്രദൻ (യോഹ. 14:26). കാര്യസ്ഥൻ എന്ന വാക്കിന്റെ അർത്ഥം ആശ്വാസപ്രദൻ എന്നത്രെ. പരിശുദ്ധാത്മാവ് നിത്യാത്മാവാണ് (എബ്രാ. 9:14). അവൻ നിത്യാശ്വാസം നൽകുവാൻ മതിയായവൻ ആകുന്നു. കർത്താവ് നല്ല പ്രത്യാശ നൽകുന്നു. അത് അവൻ വന്ന് നമ്മെ ചേർത്തുകൊള്ളും എന്നുള്ളതാണ്. മനുഷ്യന്റെ ആശകൾ നടന്നെങ്കിൽ നടന്നു എന്ന് പറയാവുന്നതാണ്. പുനരുത്ഥാനം ചെയ്ത ദൈവപുത്രൻ നല്ല പ്രത്യാശ നൽകുവാൻ യോഗ്യനാകുന്നു. പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും തുല്യരാകുന്നു എന്നുള്ള സത്യവും ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

കൃപയാൽ നിത്യാശ്വാസവും നല്ല പ്രത്യാശയും പ്രാപിച്ചവർക്ക് ഹൃദയത്തിൽ ആശ്വാസമുള്ളവരാകുവാൻ കഴിയും. അപ്പോൾ അവർ വിശ്വാസത്തിൽ സ്ഥിരപ്പെടും. ഹൃദയം കലങ്ങിക്കഴിയുമ്പോൾ മനുഷ്യന്റെ വാക്കുകൾക്ക് ആശ്വാസം നൽകുവാൻ കഴിയുന്നതല്ല. എന്നാൽ ദൈവം തന്റെ വാഗ്ദത്ത ങ്ങൾ നൽകി തന്റെ വചനത്തിലൂടെ നമ്മെ ആശ്വസിപ്പിക്കുന്നു. അത് ആസ്വദിച്ചറിഞ്ഞവർക്ക് അതിന്റെ മാധുര്യം അറിയുവാൻ സാധിക്കും. അപ്പോൾ നാം വാക്കിലും പ്രവൃത്തിയിലും സ്ഥിരതയുള്ളവരാകും. നമ്മുടെ സംസാരം ഹൃദയ ത്തിന്റെ പ്രകാശനമാണ്. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നവരിൽ നല്ല സംസാരവും നല്ല പ്രവൃത്തികളും ഉണ്ടാകണം. നാം മടിയന്മാരാകാതെ യും പരകാര്യങ്ങളിൽ ഏർപ്പെടാതെയും കർത്താവിന്റെ വേലയിൽ ഉത്സാഹമുള്ളവർ ആകണം. അവന്റെ സുവിശേഷത്തിന്റെ സാക്ഷികളാകുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 3

### പ്രാർത്ഥനയ്ക്കുള്ള അപേക്ഷ (3:1-5)

ഈ അദ്ധ്യായത്തിൽ പൗലൊസ് ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. തനിക്കുവേണ്ടിയും സഹപ്രവർത്തകർക്കായും പ്രാർത്ഥിക്കുവാനുള്ള അപേക്ഷ ശ്രദ്ധേയമാണ്. ദൈവജനത്തിന്റെ പ്രാർത്ഥനയുടെ പ്രാധാന്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. പൗലൊസിനെപ്പോലെയുള്ള ഒരു വിശ്വാസവീരന് അത് ആവശ്യമായിരുന്നെങ്കിൽ നമുക്ക് അത് എത്രയധികം ആവശ്യമായിരിക്കുന്നു. ആത്മികപ്രവർത്തനങ്ങളിൽ ദൈവജനത്തിന്റെ പ്രാർത്ഥന വലിയ പിൻബലമാണ്. അപ്പൊസ്തലൻ ദൈവവചനം വ്യാപിക്കേണ്ടതിന് പ്രാർത്ഥന അപേക്ഷിക്കുന്നു. തന്റെ ഭൗതിക ആവശ്യ ങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല. ഇവിടെ ദൈവവചനംകൊണ്ടുള്ള ഉദ്ദേശം സുവിശേഷം എന്നാണ്. അത് കൂടുതൽ സ്ഥലങ്ങളിൽ അറിയിക്കുവാൻ നാം കടപ്പെട്ടവരാണ്. സുവിശേഷം എത്രയും വേഗം എത്തിക്കുവാൻ കഴിയുമോ അത്രയും നല്ലതാണ്. അതിന് പൗലൊസിനെപ്പോലെ നാമും ഉത്സാഹം ഉള്ളവർ ആകണം. അതിനായി ചെലവിടാനും ചെലവായിപ്പോകാനും മനസ്സുണ്ടാകണം. തെസ്സലൊനീക്യർ സുവിശേഷം എങ്ങനെ സ്വീകരിച്ചു എന്ന് ഇവിടെ അപ്പൊസ്തലൻ സ്മരിക്കുന്നു (1 തെസ്സ. 2:13). അത് സ്വീകരിക്കുന്നതു മൂലം ദൈവനാമം മഹത്വപ്പെട്ടു. മഹത്വപ്പെടുക എന്ന പദത്തിന് ബഹുമാനിക്കപ്പെടുക എന്ന അർത്ഥവുമുണ്ട്. നാം സുവിശേഷത്തിന് നൽകേണ്ട ബഹുമാനം നൽകുന്നവരാണോ? ദൈവസന്നിധിയിൽ ഒരു ആത്മപരിശോധന ചെയ്യുവാൻ കർത്താവ് സഹായിക്കട്ടെ.

രണ്ടാമതായി വല്ലാത്തവരും ദുഷ്ടന്മാരുമായ മനുഷ്യരുടെ കയ്യിൽ നിന്നും വിടുവിക്കപ്പെടുവാൻ പ്രാർത്ഥന അപേക്ഷിക്കുന്നു. സുവിശേഷഘോഷണത്തിൽ നേരിടുന്ന തടസ്സങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. സുവിശേഷകന്മാർ ശത്രുപാളയത്തിൽ പോരാടുന്ന യോദ്ധാക്കൾ ആകുന്നു. അവരെ ലോകം പകയ്ക്കും എന്ന് കർത്താവ് അറിഞ്ഞിരുന്നു (യോഹ. 17:14). സുവിശേഷം വ്യക്തമായി അറിയിച്ചാലും അതിനെ ദുഷിക്കുകയും എതിർക്കുകയും ചെയ്യുന്നവർ ഉണ്ട്. അത് മനസ്സിലായാലും എതിർന്യായങ്ങൾ ഉന്നയിച്ച് അതിനെ അവർ നിരസിക്കുന്നു. അവർ മനസ്സോടെ സുവിശേഷത്തിന് വിരോധികളായി ജീവിക്കുന്നു. അവരെക്കുറിച്ചാണ് "വല്ലാത്തവർ" എന്ന് പൗലൊസ് പറയുന്നത്. അവർ ക്രൂശിന്റെ ശത്രുക്കളാണ്. സുവിശേഷഘോഷണത്തിന് അവർ തടസ്സം സൃഷ്ടിക്കുന്നു. അത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാല ത്താണ് നാം ജീവിക്കുന്നത്. ഇങ്ങനെയുള്ളവരിൽനിന്നും വിടുവിക്കപ്പെടുവാൻ അപ്പൊസ്തലൻ പ്രാർത്ഥന അപേക്ഷിക്കുന്നു. നമുക്കും അതാവശ്യമാകുന്നു.

വിശ്വാസം എല്ലാവർക്കും ഇല്ലല്ലോ എന്ന് രണ്ടാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു. വിശ്വസിക്കുന്നവർ ചുരുക്കം എന്ന ആശയമാണ് അതിനുള്ളത്. എന്നാൽ കർത്താവ് വിശ്വസ്തൻ ആകുന്നു. കഷ്ടതകളുടെ മദ്ധ്യത്തിൽ തെസ്സലൊനീക്യയിലെ വിശ്വാസികൾ ഉറച്ചുനിൽക്കുന്നവരായിരുന്നു. കർത്താവ് അത് തുടരുവാൻ അവരെ ബലപ്പെടുത്തുമെന്നുള്ള വിശ്വാസം പൗലൊസിനുണ്ടായിരുന്നു. ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം അവരെ കാത്തുകൊള്ളുവാൻ ദൈവം വിശ്വസ്തനാകുന്നു. തെസ്സലൊനീക്യയിലുള്ള വിശ്വാസികൾ കർത്താവിന്റെ വകയാണ്. അതുകൊണ്ട് അവരെ ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെ കാത്തുകൊള്ളുവാൻ കർത്താവ് മനസ്സുള്ളവനാണ്. കർത്താവിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിലും ഈ സത്യം സൂചിപ്പിച്ചിരിക്കുന്നു (യോഹ. 17:15). ഒരു പട്ടാളത്തെ കാവൽ നിർത്തി കാത്തുസൂക്ഷിക്കുന്നതിനോട് ഇതിനെ തുലനംചെയ്യാം. കർത്താവ് നമ്മെ പൂർണ്ണമായി രക്ഷിക്കുവാൻ മതിയായവൻ ആകുന്നു (യോഹ. 10:28,29; ഫിലി. 1:4).

പൗലൊസ് തെസ്സലൊനീക്യരോട് ആജ്ഞാപിക്കുന്നത് അവർ തുടർന്നും അനുസരിക്കും എന്നുള്ള ഉറപ്പ് തനിക്കുണ്ടായിരുന്നു. കർത്താവിന്റെ ആജ്ഞകളാണ് താൻ അവർക്ക് കൊടുത്തത് (1 തെസ്സ. 4:2). കർത്താവ് അത് സാധിപ്പിക്കും എന്നുള്ള ഉറപ്പാണ് അപ്പൊസ്തലനുണ്ടായിരുന്നത്. കർത്താവിനെ കൂടാതെ നമുക്ക് യാതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല (യോഹ. 15:5). തുടർന്ന് പൗലൊസ് അവർക്കായിട്ട് പ്രാർത്ഥിക്കുന്നത്, "കർത്താവ് താൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണുതയിലേക്കും തിരിക്കുമാറാകട്ടെ" എന്നാണ്. ദൈവമക്കൾ അന്യോന്യം പ്രാർത്ഥിക്കുന്നവർ ആകണം എന്ന സത്യം ഇവിടെ കാണാം. ക്രിസ്തുവിനെക്കുറിച്ചുള്ള ചിന്തകളാൽ ഹൃദയം നിറയണം. ഹൃദയമാണ് ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം നിർണ്ണയിക്കുന്നത്. നമുക്ക് സ്വന്ത ശക്തിയാൽ ഹൃദയത്തെ നിയന്ത്രിക്കുവാൻ കഴിയുന്നതല്ല (യിരെ. 17:9). ഹൃദയം ക്രിസ്തുവിന്റെ സ്നേഹം ആസ്വദിക്കണം. ആ സ്നേഹംകൊണ്ട് നിറയണം. അപ്പോൾ നാം അവന്റെ കല്പനകൾ അനുസരിക്കുന്നവരാകും. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുവാൻ നാം മനസ്സുള്ളവരാകും. നമുക്കുവേണ്ടി കർത്താവ് സഹിച്ച പാപികളാലുള്ള വിരോധം ധ്യാനിച്ചുകൊണ്ട് അവന്റെ സാക്ഷികളാകുവാൻ കഴിയുന്നത് വലിയ ഭാഗ്യമാകുന്നു. നമ്മുടെ ജീവിതത്തിലും അങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടാകുമ്പോൾ അത് സന്തോഷ ത്തോടുകൂടെ സഹിക്കുവാൻ നാം മനസ്സുള്ളവർ ആകണം. അതാണ് സഹി ഷ്ണുതകൊണ്ടുള്ള ആശയം. കർത്താവ് അതിന് തെസ്സലൊനീക്യയിലുള്ള വിശ്വാസികളെ തുടർന്നും സഹായിക്കട്ടെ എന്ന് അപ്പൊസ്തലൻ പ്രാർത്ഥിക്കുന്നു.

### ദൈവമക്കൾ ക്രമംകെട്ടു നടക്കരുത് (3:6-15)

വിശ്വാസികൾ ദൈവവചനപ്രകാരം ജീവിക്കുവാൻ കടപ്പെട്ടവരാകുന്നു. അപ്പൊസ്തലന്മാർ എഴുതി നൽകിയിട്ടുള്ള പ്രമാണങ്ങളാണ് ലേഖനങ്ങൾ. അത് അനുസരിച്ച് നടക്കുന്നത് ആത്മിക വർദ്ധനവിന് ഒഴിച്ചുകൂടാത്ത

താകുന്നു. അപ്പോൾ നാം ക്രമത്തിൽ നടക്കുന്നവർ ആകും. ഏകലക്ഷ്യത്തോടെ ഐകമത്യപ്പെട്ട് പട്ടാളം മാർച്ച് ചെയ്യുന്നതിനോട് അതിനെ തുലനം ചെയ്യാം. തെസ്സലൊനീക്യയിൽ ക്രമംകെട്ട് നടക്കുന്ന ചിലർ ഉണ്ടായിരുന്നു. അത് അപ്പൊസ്തലൻ ഉപദേശിച്ച സത്യങ്ങളിൽനിന്നും വ്യതിചലിച്ചു നടക്കുന്ന പ്രവണത ആയിരുന്നു. അതെന്തായിരുന്നു എന്ന് 11-ാം വാക്യം വ്യക്തമാക്കുന്നു. വേലചെയ്യാതെ പരകാര്യം നോക്കി ക്രമംകെട്ട് നടക്കുന്ന അനുഭവം ദുഃഖകര മാണ്. കർത്താവ് ഏതു നിമിഷത്തിലും വരുമെന്നുള്ള ചിന്തയാണ് അതിന് കാരണമായത്. താനും സഹ പ്രവർത്തകരും എങ്ങനെ ജീവിച്ചു എന്ന് അവർ അറിയണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. അവർ ആർക്കും ഭാരമാകാതിരിക്കുവാൻ രാപ്പകൽ അദ്ധ്വാനിക്കുന്നവർ ആയിരുന്നു. ആ നല്ല മാതൃക അനുകരിക്കുവാൻ അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു.

കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നവർ മടിയന്മാർ ആകരുത്. അവർ കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരുന്നവർ ആകണം (1 കൊരി. 15:58). കർത്താവ് നൽകിയിട്ടുള്ള ജോലികളിൽ വിശ്വസ്തരാകണം. ക്രമംകെട്ട് നടക്കുന്നവർ അത് തിരുത്തുവാൻ മനസ്സുള്ളവർ ആകണം. അതിന് മനസ്സില്ലെങ്കിൽ അവരോട് അകന്നുകൊള്ളണം എന്ന് അപ്പൊസ്തലൻ ആജ്ഞാപിക്കുന്നു. അവരെ സഭയിൽനിന്നും മുടക്കണം എന്ന് അതിന് അർത്ഥമില്ല. അവരോടുള്ള സംസർഗ്ഗം കുറയ്ക്കണം എന്നു സാരം. അവരെ ശത്രുവായി കരുതരുത്. സ്നേഹത്തിൽ ബുദ്ധിയുപദേശിച്ച് കർത്താവിന് പ്രയോജനമുള്ളവരാകുവാൻ സഹായിക്കണം. ഈ ബന്ധത്തിൽ അപ്പൊസ്തലൻ മാതൃകയുള്ളവനായിരുന്നു (7-9). ഇവിടെ സുവിശേഷവേലക്കാരെക്കുറിച്ചല്ല സൂചിപ്പിക്കുന്നത്. അവർ കർത്താവിനുവേണ്ടി അദ്ധ്വാനിക്കുന്നവ രാണ്. അവരോടുണ്ടായിരിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് കൊരിന്ത്യലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (1 കൊരി. 9:7-14). തെസ്സലൊനീക്യയിൽ വേലചെയ്യുവാൻ അലസരായ ചിലർ ഉണ്ടായിരുന്നു. അവരെക്കുറിച്ചാണ് 3-ാം അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നത്. "വേലചെയ്യുവാൻ മനസ്സില്ലാത്തവൻ തിന്നുക യുമരുത്" എന്ന് അപ്പൊസ്തലൻ ആജ്ഞാപിക്കുന്നു. ദരിദ്രരെ കരുതുവാൻ നമുക്ക് ഉത്തരവാദിത്വം ഉണ്ട്. എന്നാൽ മനഃപൂർവ്വം വേലചെയ്യുവാൻ മടിക്കുന്നവരെ നാം പ്രോത്സാഹിപ്പിക്കുന്നവർ ആകരുത്. കർത്താവ് സകലവും ഉചിതമായും ക്രമമായും ചെയ്യുന്നു (1 കൊരി. 14:39). അവന്റെ വയലിൽ അദ്ധ്വാനിക്കുന്നവരും സകലവും ക്രമമായും ചന്തമായും ചെയ്യുന്നവർ ആകണം. പൗലൊസും സഹപ്രവർത്തകരും അതിന്റെ മാതൃക കാണിച്ചു. നമുക്കും അത് അനുകരിക്കാം.

ക്രമംകെട്ട് നടക്കുന്ന വിശ്വാസികൾ മറ്റു വിശ്വാസികളിൽ നിരാശ ഉളവാക്കുവാൻ സാധ്യതകൾ ഉണ്ട്. തെസ്സലൊനീക്യയിൽ ചിലർ വേല ചെയ്യാതെ പരകാര്യം അന്വേഷിക്കുന്നവരായിത്തീർന്നു. അത് മറ്റു വിശ്വാസികളെ നിരുത്സാഹപ്പെടുത്തുമെന്ന് അപ്പൊസ്തലൻ ഭയപ്പെടുന്നു. അവരോട് നന്മചെയ്യുന്നതിൽ തളർന്നുപോകരുതെന്ന് പ്രബോധിപ്പിക്കുന്നു. ഗലാത്യയിലുള്ള വിശ്വാസികൾക്ക് ഈ പ്രബോധനം നൽകുന്നുണ്ട് (ഗലാ. 6:9). അപ്പൊസ്തലന്റെ പ്രബോധനം അനുസരിക്കാതെ, വേലചെയ്യാതെ അലസരായി കഴിയുന്ന വിശ്വാസികളുമായി സംസർഗ്ഗം പുലർത്തരുതെന്ന് ആജ്ഞാപിക്കുന്നു. അവരെ ശത്രു എന്ന് വിചാരിക്കാതെ സഹോദരർ എന്നു കരുതി ബുദ്ധി ഉപദേശം നൽകണം. അങ്ങനെ അവനെ യഥാസ്ഥാനപ്പെടുത്തണം. ലോത്ത് ക്രമംകെട്ട് നടന്നെങ്കിലും അബ്രഹാം അവനെ ശത്രുവിൽനിന്നും രക്ഷിച്ചു (ഉല്പ. 14:14-16). ആ മനോഭാവം നമുക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

### ഉപസംഹാരം (3:16-18)

കഷ്ടത സഹിക്കുന്ന തെസ്സലൊനീക്യയിലെ വിശ്വാസികൾക്ക് സമാധാനം ആശംസിക്കുന്നു. മനുഷ്യന് സമാധാനം നൽകുവാൻ കഴിയുന്നതല്ല. സകലത്തെയും നിയന്ത്രിക്കുന്ന സമാധാനത്തിന്റെ ദൈവം അവർക്കും അത് നൽകുമെന്ന് അപ്പൊസ്തലൻ ആശംസിച്ചു. കർത്താവിന്റെ സാന്നിദ്ധ്യം അവർക്ക് സമാധാനം നൽകുമെന്നുള്ള ഉറപ്പും അപ്പൊസ്തലനുണ്ടായിരുന്നു. 'കർത്താവിന്റെ കൃപ നിങ്ങൾക്കുണ്ടാകട്ടെ' എന്ന് സ്വന്ത വിരലുകൊണ്ട് എഴുതി അപ്പൊസ്തലൻ ലേഖനം ഉപസംഹരിക്കുന്നു.

***